പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3712 11.12.2018-ലെ മറുപടിക്ക്

# റോഡ് സുരക്ഷ വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.കെ.മുരളീധരൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ഇതു കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാനിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകടമേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ വാളയാർ-വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ വാഹനങ്ങളിലും ഈ സംവിധാനം നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതു വഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, |

| | | | |
|---|---|---|---|
| | | | മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയത് വഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധനാകേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ/ സബ് ആർ.ടി.ഒ.കളിലും പ്രൈവറ്റ് പബ്ലിക് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കിയിട്ടുണ്ട്.<br>അനുബന്ധ വകുപ്പുകൾ മുഖാന്തിരം നടപ്പാക്കുന്ന "ശബരിമല സെയ്ഫ് സോൺ പദ്ധതി", സേഫ് കേരള, Traffic Signal Light കളുടെ സ്ഥാപനം, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, വേഗത നിയന്ത്രണ സംവിധാനം ഒരുക്കൽ, റോഡ് ദിശാ ബോർഡ് സ്ഥാപിക്കൽ, റോഡ് മാർക്കിംഗ്, ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തൽ, നിയമം ലംഘിക്കുന്ന വാഹനങ്ങളെ പിടികൂടുന്നതിനുള്ള Interceptor Vehicle വാങ്ങൽ, ആൽകോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ വാങ്ങൽ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ, ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണം, സേഫ് കോറിഡോർ റോഡ് |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റ് എന്നീ പദ്ധതികൾക്കാണ് പ്രധാനമായും കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിച്ചുവരുന്നത്. അമിതവേഗവും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങളും കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹനവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന് നടപ്പു സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക എത്രയായിരുന്നു; ഇതിൽ എത്ര രൂപ നാളിതുവരെ ചെലവാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | 18 കോടി 25 ലക്ഷം രൂപ Road Transport Safety Measures എന്ന ശീർഷകത്തിൽ 2018-19-ൽ അനുവദിച്ചിട്ടുണ്ട്. ഒരു കോടി എഴുപതു ലക്ഷത്തി അറുപത്തിയെട്ടായിരത്തി മൂന്നൂറ് രൂപ (1,70,68,300/-) ചെലവഴിച്ചു. |



**സെക്ഷൻ ഓഫീസർ**